# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.537 — 02/06/2014-ൽ മറുപടിക്ക്

## കാരുണ്യ ഫാർമസികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>" എം. എ. ബേബി<br>" എളമരം കരീം<br>" ജെയിംസ് മാത്യു | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | സംസ്ഥാനത്ത് എത്ര കാരുണ്യ ഫാർമസികൾ സ്ഥാപിക്കുമെന്നായിരുന്നു മുഖ്യമന്ത്രി 2011-ൽ പ്രഖ്യാപിച്ചത്; നിലവിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ട്; ഇവ സ്ഥാപിക്കുന്നതിനായി എത്ര തുക ചെലവഴിച്ചെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തൊട്ടാകെ 35 സർക്കാർ ആശുപത്രികളിൽ (മെഡിക്കൽ കോളേജുകൾ ഉൾപ്പടെ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുവാനാണ് അനുമതി ലഭിച്ചിട്ടുള്ളത്. നിലവിൽ 20 കമ്മ്യൂണിറ്റി ഫാർമസി കൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു. ഇതിൽ രണ്ടെണ്ണം പമ്പയിലും, ശബരിമല സന്നിധാനത്തും 24 മണിക്കൂറും (മണ്ഡലക്കാലത്തു മാത്രം) പ്രവർത്തിക്കുന്നു. ഇതു വരെ 4.38 കോടി രൂപ ചെലവായി. |
| (ബി) | ഇവയിൽ അവശ്യമരുന്നുകൾ മിക്കവയ്ക്കും കടുത്ത ക്ഷാമം നേരിടുന്നതിന്റെ കാരണം പരിശോധിച്ചിരുന്നോ; | (ബി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ മരുന്നിന് ക്ഷാമം നിലവിലില്ല. |
| (സി) | ഈ ഫാർമസികളിലൂടെ മരുന്നുകൾ ആവശ്യാനുസരണം ലഭ്യമാക്കാനും കൂടുതൽ ഫാർമസികൾ തുടങ്ങാനും തയ്യാറാകുമോ? | (സി) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ആവശ്യത്തിന് മരുന്ന് ലഭ്യമാണ്. കൂടുതൽ ഫാർമസികൾ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ